# കുടുംബശ്രീ – സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ
## എക്സിക്യൂട്ടീവ് ഡയറക്ടർ (i/c) യുടെ നടപടിക്രമം
*(ഹാജർ: ശ്രീമതി. എസ്. നിഷ)*

വിഷയം:- കുടുംബശ്രീ – വയനാട് ജില്ല – ഇന്നോവേഷൻ ഫണ്ട് അനുവദിച്ചു നൽകി ഉത്തരവാകുന്നത് – സംബന്ധിച്ച്.

പരാമർശം:- 1. 12/10/17 ലെ കുടുംബശ്രീ വയനാട് ജില്ലാ മിഷൻ കോ–ഓർഡിനേറ്റർ സമർപ്പിച്ച അപേക്ഷ
2. 08/11/2017–ൽ കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ അദ്ധ്യക്ഷതയിൽ കൂടിയ പിഎസി യോഗ തീരുമാനം

**<u>ഉത്തരവ് നമ്പർ 10461/D/2017/KSHO തീയതി 07/12/2017</u>**

വയനാട് ജില്ലയിലെ പൂത്താടി ഗ്രാമപഞ്ചായത്തിലെ വയനാട് എഞ്ചനിയീറിംഗ് വർക്സ് എന്ന യുവശ്രീ പദ്ധതിയ്ക്ക് ഇന്നോവേഷൻ ഫണ്ട് അനുവദിക്കണമെന്ന് പരാമർശം (1) പ്രകാരം അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതി രൂപീകരിക്കുന്നതിനായി ആകെ 2,00,000/– രൂപ ആവശ്യമുണ്ടെന്നും ആയത് ഇന്നോവേഷൻ ഫണ്ട് അനുവദിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശ പ്രകാരം അപേക്ഷിച്ചിട്ടുള്ള രേഖകൾ പരിശോധിച്ചതിൽ ടി യൂണിറ്റിന് ഇന്നോവേഷൻ ഫണ്ടായി അനുവദിക്കാമെന്നും പരാമർശം (2) പ്രകാരം തീരുമാനിച്ചിട്ടുണ്ട്.

ഈ സാഹചര്യത്തിൽ വയനാട് ജില്ലയിലെ പൂത്താടി ഗ്രാമപഞ്ചായത്തിലെ വയനാട് എഞ്ചനിയീറിംഗ് വർക്സ് എന്ന യുവശ്രീ പദ്ധതിയ്ക്ക് 2,00,000/– രൂപ (രണ്ട് ലക്ഷം രൂപ മാത്രം) ഇന്നോവേഷൻ ഫണ്ടായി അനുവദിച്ചുനൽകുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു. പ്രസ്തുത തുക ജില്ലാ മിഷനിൽ ലഭ്യമായ സ്റ്റേറ്റ് പ്ലാൻ ഫണ്ടിലെ പ്രാദേശിക സാമ്പത്തിക വികസന ശീർഷകത്തിൽ വകയിരുത്തി അനുവദിക്കാവുന്നതാണ്. ടി യൂണിറ്റിന് തുക ലഭ്യമാക്കുന്ന മുറയ്ക്ക് പ്രസ്തുത തുകയുടെ ധനവിനിയോഗ സാക്ഷ്യപത്രം സംസ്ഥാന മിഷനിൽ ലഭ്യമാക്കേണ്ടതിന്റെ ചുമതല ജില്ലാ മിഷനാണ്.

അക്കൗണ്ട്സ് ഓഫീസർ
എക്സിക്യൂട്ടീവ് ഡയറക്ടർ (i/c)ക്കുവേണ്ടി
കുടുംബശ്രീ

1. ജില്ലാ മിഷൻ കോ–ഓർഡിനേറ്റർ, കുടുംബശ്രീ, വയനാട് – തുക അനുവദിക്കുന്നതിന്.
2. അക്കൗണ്ട്സ് സെക്ഷൻ – അറിവിലേയ്ക്കായി.

പകർപ്പ്
1. കരുതൽ / അധികം